**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2411** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും അവയുടെ നിലവിൽ ഏത് ഘട്ടത്തിലാണെന്നതും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. എന്നിരുന്നാലും പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വരുന്ന സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസികൾ, ബഹു. നിയമസഭാ സാമാജികർ, ഭരണ വകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിലുള്ള മറ്റു ഏജൻസികൾ, കരാറുകാർ തുടങ്ങിയവരെ ഏകോപിപ്പിച്ച് കിഫ്ബി, ഭരണവകുപ്പ് തലങ്ങളിൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയും പദ്ധതി തിരിച്ചും അവലോകന യോഗങ്ങൾ നടത്തുകയും ചെയ്ത് വരുന്നുണ്ട്. ഇപ്രകാരം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിൽ കിഫ്ബി ശ്രദ്ധ ചെലുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**